ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അടിസ്ഥാന സൗകര്യവികസനം, വ്യവസായം, സമ്പദ് വ്യവസ്ഥ, തുടങ്ങിയ മേഖലകളിൽ തുല്യമായ നിക്ഷേപം നടപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi said that equal investments will be made in areas such as infrastructure development, industry, economy, etc.

2. കന്നുകാലികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും രോഗപ്രതിരോധത്തിനുമായി 3,880 കോടി രൂപ അനുവദിക്കാൻ കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനം. സോൻപ്രയാഗ് മുതൽ കേദാർനാഥ് വരെയുള്ള റോപ്പ്‌വേ വികസനത്തിനും അനുമതി.

   The Union Cabinet decided to allocate Rs 3,880 crore for improving the health and prevention of disease of cattle. Cabinet Approval was also given for the development of a ropeway from Sonprayag to Kedarnath.

3. കേന്ദ്ര മന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും.

Union Minister Kiren Rijiju will arrive in Kerala tomorrow for a one-day visit.

4. വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ 386 ലക്ഷം രൂപയുടെ വായ്പകൾ എഴുതിത്തള്ളുമെന്ന് കേരളാ ബാങ്ക്.

Kerala Bank says it will waive off loans worth Rs 386 lakh of Wayanad landslide victims.

5. ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൻറെ രണ്ടാം സെമിയിൽ ന്യൂസിലൻഡിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 363 റൺ വിജയലക്ഷ്യം.

In ICC Champions Trophy cricket, South Africa to chase a target of 363 runs set by New Zealand in the second semi-final.

&&&&&&&&&&&&&&&&&&&

**PRESIDENT**

രാജ്യത്തെ വിവിധ മേഖലകളുടെ അതുല്യമായ പാരമ്പര്യത്തെ ആഘോഷിക്കുന്ന *വിവിധത കാ അമൃത് മഹോത്സവ്* സാംസ്കാരികമേള രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ ഉദ്ഘാടനം ചെയ്തു. 500-ൽ അധികം കരകൗശല വിദഗ്ധരും നെയ്ത്തുകാരും ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. നാളെ മുതൽ ഞായറാഴ്ച

വരെ രാവിലെ 10 മണി മുതൽ രാത്രി എട്ടു മണിവരെ പൊതു ജനങ്ങൾക്ക് മേള കാണാൻ സാധിക്കും.

&&&&&&&&&&&&&&&&&&

**PM- WEBINAR EMPLOYMENT**

അടിസ്ഥാന സൗകര്യവികസനം, വ്യവസായം, സമ്പദ് വ്യവസ്ഥ, തുടങ്ങിയ മേഖലകളിൽ തുല്യമായ നിക്ഷേപം നടപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബജറ്റാനന്തര വെബിനാറിൽ വീഡിയോ

കോൺഫറൻസിംഗിലൂടെ പങ്കെടുക്കുകയായിരുന്നു അദ്ദേഹം .

(ഹോൾഡ് വോയിസ്) ജനങ്ങൾ, സമ്പദ്‌വ്യവസ്ഥ, നവീകരണം എന്നിവയ്ക്കായുള്ള നിക്ഷേപം എന്നതായിരുന്നു വെബിനാറിന്റെ വിഷയം.ഈ വർഷത്തെ ബജറ്റ് ഈ വിഷയങ്ങളിൽ വലിയ തോതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാജ്യത്ത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ അതീവ പ്രാധാന്യമാണ് നൽകുന്നത്. ആഗോള വിദഗ്ധരുടെ സഹായത്തോടെ, രാജ്യത്തെ യുവജനങ്ങളെ ലോകോത്തര നിലവാരത്തിലെത്തിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## CABINET BRIEFING

കന്നുകാലികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും രോഗപ്രതിരോധത്തിനുമായി 3,880 കോടി രൂപ അനുവദിക്കാൻ കേന്ദ്രമന്ത്രിസഭായോഗത്തിൽ തീരുമാനം. കർഷകർക്ക് ഇത് ഏറ്റെ സഹായകരമാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് മാധ്യമങ്ങളോട് പറഞ്ഞു. പശു ഔഷധിയുടെ കീഴിൽ കന്നുകാലികൾക്കായി ഗുണമേന്മയുള്ള മരുന്നുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&

## CABINET–BRIEFING–INTRO

സോൻപ്രയാഗ് മുതൽ കേദാർനാഥ് വരെയുള്ള റോപ്പ്‌വേ വികസനത്തിന് കേന്ദ്രസർക്കാർ അനുമതി നൽകി.12.9 കിലോമീറ്റർ നീളമുള്ള പദ്ധതിയുടെ ആകെ ചെലവ് നാലായിരം കോടി രൂപയിലധികമാകുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. തീർത്ഥാടകരുടെ യാത്രാ സമയം ഇതോടെ കുറയുമെന്ന് അദ്ദേഹം പറഞ്ഞു. (ഹോൾഡ് വോയിസ്)

ഹേമകുണ്ഡ് സാഹിബ് റോപ്പ്‌വേയും വികസിപ്പിക്കുമെന്ന് മന്ത്രി അറിയിച്ചു. രണ്ടായിരത്തി 730 കോടി രൂപയാണ് പദ്ധതിയുടെ ചെലവ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&

## JYOTIRADITYA SCINDIA

സുസ്ഥിരത, ഉൾക്കൊള്ളൽ, വിശ്വാസം എന്നിവയാണ് ഇന്ത്യയുടെ സാങ്കേതിക മികവിന്റെ പ്രധാന ഘടകങ്ങൾ എന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. സ്പെയിനിലെ ബാഴ്സലോണയിൽ നടന്ന മൊബൈൽ വേൾഡ് കോൺഗ്രസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ പൗരന്മാരെ സേവിക്കുന്നതിൽ ആധാറും ഭാരത്നെറ്റും വിജയമായിരുന്നെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## KIREN RIJIJU

കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പരിപാടിയുടെ അവലോകനയോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## DELHI-YAMUNA

ഡൽഹി ജലസേചന വകുപ്പ് മന്ത്രി പർവേഷ് സാഹിബ് സിങ് യമുന നദിയിൽ പരിശോധന നടത്തി. കഴിഞ്ഞ 10 ദിവസത്തിനുള്ളിൽ 1,300 ടൺ ചപ്പുചവറുകൾ യമുനയിൽ നിന്ന് നീക്കം ചെയ്തതായി അദ്ദേഹം അറിയിച്ചു. 2023 ലെ വെള്ളപ്പൊക്കത്തിന് സമാനമായ സാഹചര്യം ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ ഡൽഹി സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PM - UTTARAKHAND

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഉത്തരാഖണ്ഡ് സന്ദർശിക്കും. ഹർഷിലിൽ, ട്രെക്ക് - ബൈക്ക് റാലികളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കുന്ന പ്രധാനമന്ത്രി ഒരു പൊതുപരിപാടിയെ അഭിസംബോധനയും ചെയ്യും . മുഖ് വായിലെ ഗംഗ ദേവി ആരാധനാലയത്തിലും അദ്ദേഹം ദർശനം നടത്തും.

&&&&&&&&&&&&&&&&&&

## WAYANAD - KERALA BANK

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ 385.87 ലക്ഷം രൂപയുടെ 207 വായ്പകൾ എഴുതിത്തള്ളുമെന്ന് കേരളാ ബാങ്ക്. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച കണക്കുകളുടെ

അടിസ്ഥാനത്തിലാണ് തീരുമാനം. കേരള ബാങ്കിന്റെ ചൂരൽമല, മേപ്പാടി ശാഖകളിലെ 9 വായ്പകളിലായി 6.36 ലക്ഷം രൂപ ഇതിനകം എഴുതിത്തള്ളിയിരുന്നു.

&&&&&&&&&&&&&&&&&&&

## GRAM PANCHAYAT–WOMEN EARLY

കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര പഞ്ചായത്തിരാജ് സഹമന്ത്രി എസ്. പി. സിംഗ് ബാഗേൽ . എല്ലാ ജില്ലകളിലും വനിതാ-സൗഹൃദ മാതൃകാ ഗ്രാമ പഞ്ചായത്തുകൾ സൃഷ്ടിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ സംരംഭത്തിന്റെ ഉദ്ഘാടനചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലിംഗസമത്വം, വനിതാ ശാക്തീകരണം എന്നിവ ഉറപ്പുവരുത്തുന്നതിനൊപ്പം വനിതകളിൽ നേതൃപാടവം വികസിപ്പിക്കുന്നതും പദ്ധതിയിലൂടെ കേന്ദ്രം ലക്ഷ്യമിടുന്നു. ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ എസ്. പി സിങ്ങ് ബാഘേലും, അനുപ്രിയ പട്ടേലും ചേർന്നാണ് പദ്ധതി ഉദ്ഘാടനം ചെയ്തത് .

&&&&&&&&&&&&&&&&&&&

## MANIPUR – EARTHQUAKES

മണിപ്പൂരിൽ നേരിയ ഭൂചലനം. 5.7 തീവ്രത രേഖപ്പെടുത്തിയ രണ്ട് ഭൂചലനങ്ങളിൽ നാശനഷ്ടമോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല. അസം, മേഘാലയ ഉൾപ്പെടെ മറ്റ് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ഭൂചലത്തിന്റെ പ്രകമ്പനം അനുഭവപ്പെട്ടു.

&&&&&&&&&&&&&&&&&&

**JHARKHAND-BLAST**

ഝാർഖണ്ഡിൽ വനമേഖലയിലുണ്ടായ സ്ഫോടനത്തിൽ മൂന്ന് സി ആർ പി എഫ് ജവാൻമാർക്ക് പരിക്കേറ്റു. പടിഞ്ഞാറൻ സിങ്ഭൂം ജില്ലയിലാണ് സ്ഫോടനം ഉണ്ടായത്. പരിക്കേറ്റവരെ ചികിത്സയ്ക്കായി റാഞ്ചിയിലെത്തിച്ചു. പ്രദേശത്ത് സുരക്ഷാ സേന തിരച്ചിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

**GEORGE KURIAN -**

മത്സ്യമേഖലയുടെ വികസനത്തിൽ കേരളം ഏറെ മുന്നിലാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. കേന്ദ്ര സർക്കാരിൻ്റെ ഉൾനാടൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നേതൃത്വം നൽകുന്ന സമഗ്ര മത്സ്യകൃഷി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള ബോധവത്കരണ പരിപാടി പാലക്കാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്ര മന്ത്രി.

&&&&&&&&&&&&&&&&&&

**CRICKET**

ഐസിസി ചാമ്പ്യൻസ് ട്രോഫി പുരുഷ ക്രിക്കറ്റിൻറെ രണ്ടാം സെമിഫൈനലിൽ ന്യൂസിലൻഡിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 363 റൺ വിജയലക്ഷ്യം. ഇന്നലെ നടന്ന ആദ്യ സെമിയിൽ ഓസ്ട്രേലിയയെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ പ്രവേശിച്ചിരുന്നു. ഞായറാഴ്ചയാണ് ഫൈനൽ.

&&&&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ എഫ് സി - ഒഡിഷയെ നേരിടും. രാത്രി 7 .30 നാണ് മത്സരം. ഇന്നലെ മുഹമ്മദൻ എസ്.സി യെ , ഗോവ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## TT LEGEND–RETIRE

ഇന്ത്യൻ ടേബിൾ ടെന്നീസ് ഇതിഹാസം എ. ശരത് കമൽ വിരമിക്കൽ പ്രഖ്യാപിച്ചു. 22 വർഷത്തിലേറെ നീണ്ടുനിന്ന കായികജീവതത്തിനാണ് ഇതോടെ വിരാമമാകുന്നത്. ഈ മാസം 25 മുതൽ 30 വരെ ചെന്നൈയിൽ നടക്കുന്ന WTT സ്റ്റാർ കണ്ടൻഡർ ഇവന്റായിരിക്കും തന്റെ അവസാന ടൂർണമെന്റ് എന്ന് എ. ശരത് കമൽ അറിയിച്ചു. അഞ്ച് ഒളിമ്പിക് മത്സരങ്ങളിൽ പങ്കെടുത്ത അദ്ദേഹം ഏഴ് കോമൺവെൽത്ത് ഗെയിംസ് സ്വർണ്ണ മെഡലുകൾ, രണ്ട് ഏഷ്യൻ ഗെയിംസ് വെങ്കല മെഡലുകൾ എന്നിവ സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## STEVE SMITH – RETIREMENT

ഏകദിന ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച് ഓസ്ട്രേലിയൻ ക്യാപ്റ്റൻ സ്റ്റീവ് സ്മിത്ത്. ICC ചാമ്പ്യൻഷിപ്പ് സെമിയിൽ ഓസ്ട്രേലിയൻ നിര ഇന്ത്യയോട് പരാജയപ്പെട്ടതിന് പിന്നാലെയാണ് വിരമിക്കൽ പ്രഖ്യാപനം. ടെസ്റ്റ് ക്രിക്കറ്റിൽ തുടരുമെന്നും സ്റ്റീവ് സ്മിത്ത് അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEATWAVE

കേരളത്തിൽ മറ്റന്നാൾ വരെ ഉയർന്ന താപനില മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സാധാരണയെക്കാൾ രണ്ടു മുതൽ മൂന്ന് ഡി ഗ്രി സെൽഷ്യസ് വരെ ചൂട് കൂടാൻ സാധ്യത. തൃശൂർ, പാലക്കാട് ജില്ലകളിൽ 38°സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## WOMENS DAY

അന്താരാഷ്ട്ര വനിതാ ദിനാചരണത്തോടനുബന്ധിച്ച് വനിതാ-ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ശനിയാഴ്ച്ച തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ്ജ് നിർവഹിക്കും. ചടങ്ങിൽ വനിതാരത്ന പുരസ്കാരങ്ങൾ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&

## ATTUKAL PONGALA

ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് തുടക്കമായി. ദേവിയെ കാപ്പു കെട്ടി കുടിയിരുത്തിയതോടെയാണ് മഹോത്സവത്തിന് തുടക്കമായത്. കാപ്പ് കെട്ട് ചടങ്ങിന് ശേഷം തോറ്റം പാട്ട് ആരംഭിച്ചു. ഈ മാസം 13 നാണ് ലോക പ്രശസ്തമായ ആറ്റുകാൽ പൊങ്കാല.

&&&&&&&&&&&&&&&&&&

## O R KELU

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് കാലാനുസൃതമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഇതിനായി കൃത്യമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോവുകയാണെന്നും മന്ത്രി ഒ ആർ കേളു . തിരുവനന്തപുരത്ത് പട്ടികവർഗ്ഗ മേഖലയിലെ സംഘടനാ പ്രതിനിധികളുമായുള്ള യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&